പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 241 — 20/06/2013-ൽ മറുപടിക്ക്

## സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിന് മുന്നോടിയായി നടക്കാറുള്ള വകുപ്പുതലയോഗങ്ങളും അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗവും ഈ വർഷം നടക്കുകയുണ്ടായോ; | (എ) നടക്കുകയുണ്ടായി. പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള വകുപ്പുതല യോഗം 10/5/2013-ലും അദ്ധ്യാപക സംഘടനകളുടെ യോഗം 17/5/2013-നും നടക്കുകയുണ്ടായി. പ്രവേശനോത്സവം ഉൾപ്പെടെയുള്ള ഈ അദ്ധ്യയന വർഷത്തെ വിവിധ വിഷയങ്ങൾ ടി യോഗങ്ങളിൽ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. |
| (ബി) സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ മിക്ക ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ നാല് സ്കൂളുകൾ, കോട്ടയം ജില്ലയിലെ ഒരു സ്കൂൾ, ആലപ്പുഴ ജില്ലയിലെ രണ്ട് സ്കൂളുകൾ, എറണാകുളം ജില്ലയിലെ മൂന്ന് സ്കൂളുകൾ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2012-13 സാമ്പത്തിക വർഷം 569 എൽ.പി. സ്കൂളുകളും, 503 യു.പി. സ്കൂളുകളും ഉൾപ്പെടെ 1072 സ്കൂളുകളിൽ നവീകരണം നടത്തുകയും ഇതിനായി 72.86 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി വിവിധ |

പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിനായി 2012-13 സാമ്പത്തിക വർഷം 40.15 കോടി രൂപ ചെലവഴിച്ചു. 2013-14 സാമ്പത്തിക വർഷം ഇതിനായി 56 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ പാഠപുസ്തകങ്ങൾ രണ്ട് ഘട്ടങ്ങളായാണ് അച്ചടിക്കുന്നതും വിതരണം ചെയ്യുന്നതും. ഈ അദ്ധ്യയന വർഷാരംഭത്തിൽ ആവശ്യമായ ഒന്നാംഘട്ട പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി. വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടത്തിലേക്ക് വേണ്ട പുസ്തകങ്ങളുടെ അച്ചടി നടന്നുവരുന്നു. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ വിതരണം ജൂൺ 30 നകം പൂർത്തീകരിക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ വിതരണം നടന്നു വരുന്നു.

(ഡി) അക്കാദമിക് ചുമതലയുള്ള അഡീഷണൽ ഡി.പി.ഐ ഉൾപ്പെടെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെയും പ്രധാനാദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും ഒഴിവുകൾ നികത്താൻ കഴിയാത്തത്, പുതിയ അധ്യയന വർഷത്തിൽ തന്നെ വിദ്യാലയ നടത്തിപ്പിനേയും കുട്ടികളുടെ പഠനത്തേയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) അക്കാദമിക് ചുമതലയുള്ള അഡീഷണൽ ഡി.പി.ഐ. ആയി ശ്രീ. എ. അരുൺകുമാറിനെ നിയമിച്ചിട്ടുണ്ട്. പ്രഥമാദ്ധ്യാപക, എ.ഇ.ഒ. തസ്തികകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ ഡി.പി.സി കൂടിയശേഷം ഡി.ഇ.ഒ., ഡി.ഡി.ഇ തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഡി.പി.സി കൂടുന്നതിലുണ്ടായ കാലതാമസം കാരണമാണ് യഥാസമയം പ്രമോഷൻ നടത്താൻ കഴിയാതെ പോയത്. പി.എസ്.സി യുമായി ബന്ധപ്പെട്ട് ഡി.പി.സി ചേരാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യയന വർഷാരംഭത്തിൽ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനുള്ള ചാർജ്ജ് അറേൻജ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്; യൂണിഫോം വിതരണം ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; മുൻവർഷത്തെ രീതി എന്തായിരുന്നു ? | (ഇ) | ആഗസ്റ്റ് മാസം അവസാനത്തോടെ യൂണിഫോം വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുസംബന്ധമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനത്തിനനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ യൂണിഫോം വിതരണം ചെയ്യാൻ ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല. 2012-13 സാമ്പത്തികവർഷം സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി വഴിയാണ് സൗജന്യ യൂണിഫോം വിതരണം ചെയ്തിരുന്നത്. ഈ അക്കാദമികവർഷം മുതൽ എയിഡഡ് മേഖലയിലെ സമാന കാറ്റഗറിയിൽ വരുന്ന കുട്ടികൾക്കു കൂടി യൂണിഫോം അനുവദിക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**